ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച 8-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ 2004-2005 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

സഹകരണവും തുറമുഖവും വകുപ്പുമന്ത്രിക്കുവേണ്ടി ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): തദ്ദേശസ്വയം ഭരണവും സഹകരണവും സംബന്ധിച്ച 9-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ 2004-2005 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച 10-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ 2004-2005 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

ശ്രീ. എം. പി. ഗംഗാധരൻ: പ്രിവിലേജസും എത്തിക്സും സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

IX. ക്രമപ്രശ്നം

ജസ്റ്റീസ് മോഹൻകുമാർ കമ്മീഷൻ റിപ്പോർട്ട് മേശപ്പുറത്തു വയ്ക്കുന്നതു സംബന്ധിച്ച്

ശ്രീ. എ. കെ. ബാലൻ: ഒന്നര വർഷമായി കല്ലുവാതുക്കൽ മദ്യദുരന്തവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ജസ്റ്റീസ് മോഹൻകുമാർ കമ്മീഷൻ റിപ്പോർട്ട് ഗവൺമെന്റിന് കിട്ടിയിട്ട്. മുഖ്യമന്ത്രി തന്നെ ഒരിക്കൽ എന്റെ പോയിന്റ് ഓഫ് ഓർഡറിന് മറുപടി പറഞ്ഞു. ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ ഭാഗമായിട്ട് വയ്ക്കാമെന്നാണ് മറുപടി പറഞ്ഞത്. കഴിഞ്ഞ നിയമസഭ പിരിയുന്ന അവസരത്തിൽ ഞാൻ വീണ്ടും ഇത് റെയ്സ് ചെയ്തു. ബഹുമാനപ്പെട്ട സ്പീക്കർ ഇത് വയ്ക്കേണ്ടതായിരുന്നുവെന്ന് പറഞ്ഞു. ഒന്നര വർഷമായി ആ കമ്മീഷൻ റിപ്പോർട്ട് കിട്ടിയിട്ട്. എന്തുകൊണ്ട് അതിന്റെ ഭാഗമായി സ്വീകരിക്കേണ്ട ആക്ഷൻ ടേക്കൺ റിപ്പോർട്ട് ഇവിടെ വച്ചിട്ടില്ല Commission of Enquiries Act—Section 3 അനുസരിച്ച് ആറു മാസത്തിനുള്ളിൽ സഭയുടെ മുമ്പിൽ വയ്ക്കേണ്ടത് mandatory provision ആണ്. എന്തുകൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ റിപ്പോർട്ട് വയ്ക്കുന്നതിന് കാലതാമസമെടുക്കുന്നത്. എന്തുകൊണ്ട് റിപ്പോർട്ട് വയ്ക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയണം.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: മുഖ്യമന്ത്രി അത് നോക്കിയാൽ മതി. അതെന്താണെന്ന് അദ്ദേഹം നോക്കട്ടെ.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): മോഹൻകുമാർ കമ്മീഷൻ റിപ്പോർട്ട് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായ നടപടിയെക്കുറിച്ചാണ്.

ബഡ്ജറ്റ് സ്ക്രൂട്ടണി-റൂൾ വേവ് ചെയ്യുന്നതു സംബന്ധിച്ച്

ശ്രീ. ആര്യാടൻ മുഹമ്മദ്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുന്ന സന്ദർഭത്തിൽ ഞാൻ എണീറ്റു നിന്നതാണ്. Rule 236 (1) Each Subject Committee shall, at the conclusion of the discussion referred to in Rule 141, scrutinise the demands for grants falling within its purview. Such scrutiny shall ordinarily be confined to variations in the demands from the previous year, more particularly increases, the need for economy and efficiency, new services, and relationship of expenditure to needs. (2)-ൽ പറയുന്നത്. The Subject Committees shall complete the scrutiny of all the demands for grants within a period not exceeding four weeks from the date of completion of the discussion referred to in Rule 141. Within four weeks വേണം. അത് കഴിഞ്ഞിരിക്കുന്നു. സാധാരണ അത് ഇളവ് ചെയ്യാറുണ്ട്. അത് ചെയ്തിട്ടില്ല. അത് ചൂണ്ടിക്കാണിക്കാൻ വേണ്ടിയാണ്.

മി. സ്പീക്കർ: അത് പറയേണ്ട കാര്യമൊന്നുമില്ല. കഴിഞ്ഞ തവണ അസംബ്ലി പിരിയുന്നതിനുമുമ്പ് റൂൾ വേവ് ചെയ്തതാണ്. അതിപ്പോൾ പറയേണ്ട എന്നു കരുതിയെന്നേയുള്ളൂ.

X. ധനകാര്യം

2004-2005 സാമ്പത്തികവർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന 2-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2004-2005 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly